"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുനിസിപ്പാലിറ്റികളിലെ ക്ഷീര വികസന മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി നഗരസഭാ പരിധിയിൽ പെടുന്ന ക്ഷീര വികസന യൂണിറ്റിലെ സീനിയർ ക്ഷീരവികസന ഓഫീസർ/ക്ഷീര വികസന ഓഫീസറെ നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1577/2026/LSGD തീയതി,തിരുവനന്തപുരം, 21-08-2026

പരാമർശം:-
1. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
2. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 23.08.2024ലെ DDDKER/2981/2024-D1 നമ്പർ കത്ത്

**ഉത്തരവ്**

മുനിസിപ്പാലിറ്റിയിൽ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥൻ ക്ഷീരവികസന വകുപ്പ് ജില്ലാതല ഡെപ്യൂട്ടി ഡയറക്ടറാണ്. എന്നാൽ ജില്ലാതലത്തിൽ ക്ഷീരസഹകരണ സംഘങ്ങളുടെ രജിസ്ട്രാറുടെ ചുമതല വഹിക്കുന്നതിനാലും ജില്ലകളിലെ എല്ലാ ക്ഷീരവികസന യൂണിറ്റുകളുടെയും പ്രവർത്തനവും നിയന്ത്രണവും ഏകോപിപ്പിക്കേണ്ടതിനാലും വകുപ്പ് തല പദ്ധതികളുടെ ജില്ലാ തല മേൽനോട്ടം വഹിക്കേണ്ടതിനാലും പ്രായോഗികമായി ടി പദ്ധതികളുടെ നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ജില്ലാതല ഡെപ്യൂട്ടി ഡയറക്ടർമാർക്ക് സാധിക്കുന്നില്ല എന്നും, സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളും വകുപ്പിന്റെ ക്ഷീരവികസന സർവീസ് യൂണിറ്റ് പരിധിയിൽ ഉൾപ്പെടുന്നതായതിനാൽ, ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്ന ക്ഷീരവികസന യൂണിറ്റിലെ സീനിയർ ക്ഷീരവികസന ഓഫീസർ/ക്ഷീരവികസന ഓഫീസർ എന്നിവരെ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥനായി നോട്ടിഫൈ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ക്ഷീരവികസന വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എല്ലാ ക്ഷീര വികസന യൂണിറ്റുകളുടേയും പ്രവർത്തനങ്ങളുടെ ഏകോപനവും നിയന്ത്രണവും നിർവ്വഹിക്കുന്നത് ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറായതിനാൽ മുനിസിപ്പാലിറ്റികളുടെ പദ്ധതിയുടെ നിർവഹണം സമയബന്ധിതമായും കാര്യക്ഷമമായും നടത്തുന്നതിന് ക്ഷീര സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ കൂടിയായ ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് സാധിക്കാത്ത സ്ഥിതിയുള്ളതിനാൽ, മുനിസിപ്പാലിറ്റിയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്ന

ക്ഷീര വികസന യൂണിറ്റിലെ സീനിയർ ക്ഷീരവികസന ഓഫീസർ/ക്ഷീര വികസന ഓഫീസറെ മുനിസിപ്പാലിറ്റികളിലെ ക്ഷീര വികസന മേഖലയിലെ പ്രോജക്റ്റുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ വി

ജോയിന്റ് സെക്രട്ടറി

1. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
2. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
5. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
6. ഡയറക്ടർ, ക്ഷീര വികസന വകുപ്പ്
7. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
8. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. ഡയറക്ടർ ജനറൽ, കില
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
17. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
18. ക്ഷീര വികസന വകുപ്പ്
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Viraj K
Date: 21-08-2026
16:27:27

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്